(ഡി) (1) കൊതുക് ജന്യമായ രോഗങ്ങൾ (ഡെങ്കിപ്പനി, മലമ്പനി, ജപ്പാൻ ജ്വരം) നിയന്ത്രണത്തിനായി എല്ലാ ജില്ലകളിലും വെക്ടർ പഠനം നടത്തി പ്രശ്ന പ്രദേശങ്ങൾ കണ്ടെത്തി അവിടെ കൊതുകു നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിവരുന്നു.

(2) പരിസരശുചിത്വം പാലിക്കുവാൻ എല്ലാ വിഭാഗം ജനങ്ങളെയും ബോധവൽക്കരിച്ചുവരുന്നു.

(3) ആവശ്യമായ മരുന്നുകൾ, ഫോഗിംഗ് മെഷീൻ, സ്പ്രേയർ മുതലായവ വാങ്ങിക്കുവാൻ നടപടിയെടുത്തു.

(4) രോഗപ്രതിരോധ കിറ്റുകളും ചികിത്സാ സൗകര്യങ്ങളും സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(5) കൊതുകുജന്യ രോഗങ്ങളുടെ നിയന്ത്രണത്തിനും തടയലിനും വേണ്ടി സംസ്ഥാനമൊട്ടാകെ ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(6) ജലജന്യ രോഗങ്ങൾ തടയുന്നതിനുവേണ്ടി ബോധവൽക്കരണ പരിപാടികൾ വിവിധ മേഖലകളുടെ സഹായത്തോടുകൂടി നടത്തിവരുന്നു. ഒ. ആർ. എസ്സും മറ്റു ചികിത്സാ സംവിധാനങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും സജ്ജീകരിച്ചിട്ടുണ്ട്.

(7) എലിപ്പനി നിയന്ത്രണത്തിനുവേണ്ടി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചിട്ടുള്ള പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരികയാണ്.

(ഇ) നഷ്ടപരിഹാരം ആർക്കും നൽകിയിട്ടില്ല.

ഡോക്ടർമാർക്ക് ദീർഘകാല അവധി അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ

106 [826] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡോക്ടർമാർക്ക് ദീർഘകാല അവധി അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം അവധികൾക്ക് മിനിമം സർവ്വീസ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിനിമം സർവ്വീസ് കണക്കാക്കാതെ ആർക്കെങ്കിലും ദീർഘകാല അവധികൾ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ആർക്കൊക്കെയാണെന്നും എപ്പോഴാണെന്നും വ്യക്തമാക്കാമോ; ഇങ്ങനെ അനുവദിക്കുന്നതിനുള്ള കാരണം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഡോക്ടർമാർക്ക് ദീർഘകാല അവധി കേരള സർവ്വീസ് ചട്ടങ്ങളിലെ അനുബന്ധം XIIഎ, XIIബി, XIIസി എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ അനുസരിച്ചാണ് നൽകിവരുന്നത്. സർക്കാരിന്റെ 22-7-2003-ലെ ജി.ഒ. (ആർടി.) 2190/2003/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം ദീർഘകാല അവധി അനുവദിക്കുന്നതിൽ ചില പരിഷ്കാരങ്ങൾ ഏർപ്പെടുത്തി. അവ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 22-7-2003-ലെ ഉത്തരവ് പ്രകാരം, ദീർഘകാല അവധി കേരള സർവ്വീസ് ചട്ടങ്ങളിലെ മേൽപ്പറഞ്ഞ വകുപ്പുകൾ പ്രകാരം അനുവദിക്കുന്നതിനുള്ള കുറഞ്ഞ സർവ്വീസ് മൂന്ന് വർഷമായി നിജപ്പെടുത്തി.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 21-7-2003 വരെ മിനിമം സർവ്വീസ് കണക്കാക്കാതെ അർഹതപ്പെട്ട എല്ലാ ഡോക്ടർമാർക്കും ദീർഘകാല അവധി അനുവദിച്ചിട്ടുണ്ട്. 22-7-2003 മുതൽ മിനിമം സർവ്വീസ് വ്യവസ്ഥയിലാണ് അവധി നൽകി വരുന്നത്.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

മാറാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ആരോഗ്യ പദ്ധതികൾ

107 [827] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് പാക്കേജിന് ആരോഗ്യവകുപ്പ് എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് നീക്കിവച്ചത്; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇതിനകം നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും എത്ര തുക ചെലവ് ചെയ്തു എന്നും വ്യക്തമാക്കുമോ;

(ഡി) മാറാട് പാക്കേജിൽ ഉൾപ്പെടുത്തി ബേപ്പൂർ ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ഹോമിയോപ്പതി ഡിസ്പെൻസറി, ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി എന്നിവ ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) മാറാട് പ്രദേശത്ത് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ അഞ്ച് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും മാറാട് സബ്സെന്ററിന്റെ പുനർനിർമ്മാണം നടത്തുകയും ചെയ്തിട്ടുണ്ട്. മാറാട് പാക്കേജിന്റെ ഭാഗമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെ (കെ.ജി.എം.സി.റ്റി.എ.) ആഭിമുഖ്യത്തിൽ ആരോഗ്യ പരിപാലനത്തിന് മുപ്പതോളം വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly